# ധ്വനി

## ഡിജിറ്റൽ മാസിക




**A. J JOHN MEMORIAL H.S.S KAINADY**



Head Master C.C James

*ഡിജിറ്റൽ മാസിക  ധ്വനി 2019  യാഥാർത്ഥ്യമാക്കിയ ലിറ്റിൽ കൈറ്റ്സ് അംഗങ്ങൾക്കും മാർഗ്ഗനിർദ്ദേശങ്ങൾ നല്കിയ അദ്ധ്യാപകർക്കും എല്ലാ ആശംസകളും നേർന്നുകൊള്ളുന്നു.*

# എന്റെ മോഹം

അമിത അനിൽ
IX A



മുററത്തെ മുല്ലതൻ പൂവിനെക്കാണുവാൻ
ഞാനെന്നുമേറെ കൊതിച്ചിരുന്നു
ആദ്യം വിരിയുന്നൊരാപ്പൂവ് കാണുവാൻ
ഓരോ ദിവസവും കാത്തിരുന്നു.
ആദ്യം വിരിയുന്നൊരാപ്പൂവുതൻ പുഞ്ചിരി
എന്നുമെൻ സ്വപ്നത്തോടൊത്തുറങ്ങി.
കാറ്റിലൊഴുകിയെത്തുന്നൊരാ പൂവുതൻ
സൗരഭ്യംമാത്രമെൻ ഓർമ്മകളിൽ
എന്തിനെൻ മോഹമാം കുഞ്ഞുപൂവേ
നീ വിടർന്നിട്ടും മുൻപേ വാടിവീണു.
എന്നുടെ മോഹം നടക്കാതിരിക്കാനോ
നിന്നായുസ്സെത്തിയതിനാലോ.....



# മഴത്തുള്ളി കഥ

ആഷ്ലിൻ വി.കെ
VIII A



ഞാൻ മഴത്തുള്ളി. ഞാൻ പറയുന്നത് എന്റെ കഥയല്ല. മറ്റൊരാളുടെ കഥ. ഞാൻ എന്റെ പുഴയുടെ തീരത്ത് ഒരു കൊച്ചു വീടുണ്ടായിരുന്നു. ആ വീട്ടിൽ ഒരു കുട്ടിയുണ്ടായിരുന്നു. ആ കുട്ടി എന്നും രാവിലെ മുഖംകഴുകുവാൻ വന്നിരുന്നു. അങ്ങനെ ഞങ്ങൾ കൂട്ടുകാരായി.ആ കുട്ടിക്കു പ്രകൃതിയുമായി നല്ല അടുപ്പമുണ്ടായിരുന്നു. പട്ടിണിയനുഭവിക്കുന്ന കുടുംബമായിരുന്നു ആ കുട്ടിയുടെത് . പുസ്തകവുമായി എന്റെ അടുക്കൽ വന്ന് സ്കൂളിലെ എല്ലാകാര്യങ്ങളും പറയുമായിരുന്നു. ഒരിക്കൽ ഞാൻ ചോദിച്ചു കുട്ടിക്ക് ഭാവിയിൽ ആരായിതീരണം. എനിക്കു കലക്ടർ .അതിനായി അവൾ വളരെ കഷ്ടപ്പെട്ടു. കുട്ടികൾക്ക് ട്യൂഷൻ എടുത്തു അവൾ പണം കണ്ടെത്തി.അവൾ ഇന്ന് കലക്ടർ . ഞാൻ ഒഴുകി വയലിൽ എത്തിച്ചേർന്നു.ആ വയൽ നികത്തുകയായിരുന്നു. അവൾ ആ ഗ്രാമത്തിൽ വന്ന് വയൽ നികത്തുന്നത് നിർത്താൻ പറഞ്ഞു.അവൾ പറഞ്ഞു എന്നെ ഈ ഞാനാക്കിയത് പ്രകൃതിയാണ് ..... ഈ പ്രകൃതിയിൽ നിന്നും പുസ്തകത്തിൽ നിന്നും ആർജിച്ചെടുത്ത ശക്തിയിൽ നിന്നുമാണ് ഈ പദവിയിൽ എത്തിയത് .

കൂട്ടുകാരെ, നാം പ്രകൃതിയും പുസ്തകവും മറക്കാതിരിക്കട്ടെ. അവയിൽ നിന്ന് ശക്തി ആർജിച്ചെടുത്ത് നമ്മുക്ക് വലിയവരാകാം.





സിനി മോൾ സാജൻ

VIII A

# സൗന്ദര്യം

ആതിര ഷാജി
IX A




ആകാശകൊട്ടാരം മെല്ലെ
തുറന്നു ഞാൻ
നോക്കി കണ്ടു സൗന്ദര്യം
നിൻ പ്രപഞ്ചത്തിൻ സൗന്ദര്യം.
പ്രകൃതിതൻ ഹരിതാപം
വസന്തകാലത്തിൻവർണ്ണാഭം
പൂമ്പാറ്റക്കുഞ്ഞിൻ ആഹ്ലാദം
മാവേലിമന്നൻപാട്ടും.
സംഗീതം പാടിത്തന്ന്
പുലരിയിൽ നി  ഉണർത്തുമ്പോൾ
പാട്ടും രാഗം ജീവിതരാഗമായി....
ശ്രുതിരാഗപല്ലവി നീ അറിഞ്ഞോ...
നിൻ മധുരമാം സ്വരത്തെ നീ അറിഞ്ഞോ ....



# അറിവിന്റെ ലോകം വായന

സോന മോൾ സോജി
IX A





മനുഷ്യനും മറ്റു ജീവികളും തമ്മിലുള്ള പ്രധാന വിത്യാസം ചിന്തിക്കാനുള്ള മനുഷ്യന്റെ കഴിവാണ് . ചിന്താശക്തികൊണ്ട് പ്രകൃതിയെ നിയന്ത്രിക്കുവാൻ അവനു കഴിയുന്നു.

എല്ലാ സമ്പത്തിലും വച്ച് ഏറ്റവും വലിയ സമ്പത്താണ് അറിവ് . ഈ ശക്തി നമുക്കു ലഭിക്കുന്നത് നല്ല പുസ്തകങ്ങൾ വായിക്കുമ്പോൾ ആണ് . വായന മനുഷ്യന്റെ ചിന്താശക്തി വർദ്ധിപ്പിക്കുന്നു. മനസ്സ് കൂടുതൽ ഫലപ്ര ദമായി പ്രവർത്തിക്കുന്നതിന് വായന പ്രയോജനപ്പെടുന്നു. തന്റെ ഇടുങ്ങിയ ലോകത്തുനിന്നു മോചനം നേടി വിശാലമായ ലോകത്തിൽ പ്രവേശിക്കുന്നതിനുള്ള അവസരം പുസ്തകം വായിക്കുന്നതിലൂടെ മനുഷ്യന് ലഭിക്കുന്നു.

പുസ്തക വായന മനുഷ്യനെ പരിഷ്കരിക്കുന്ന ചിന്താശീലനാക്കുന്നു. അറിവുള്ളവനും സംസ്കാരസമ്പന്നനുമാക്കി തീർക്കുന്നു.ശാരീരികമായും മാനസികമായും നമ്മുടെ കഴിവുകളെ ശക്തിപ്പെടുത്തി അവയെ നേർവഴിക്കു തിരിക്കുന്നതുകൊണ്ടാണ് നാം സംസ്കാരസമ്പന്നരായി തീരുന്നത് . ചങ്ങാതിമാരുടെ സാന്നിധ്യം ആവശ്യമാണെന്നു തോന്നുമ്പോൾ ഇഷ്ടപ്പെട്ട ഒരു പുസ്തകം എടുത്തുവായിക്കാൻ തുടങ്ങിയാൽ മതി. അതിനാൽ വായനാശീലം നമ്മുക്കു വളർത്തിയെടുക്കാം.

# മുത്തച്ഛൻ

നേബിൾ പി.എ
നോൺ ടീച്ചിംഗ് സ്റ്റാഫ്



കാലങ്ങൾ കഴിഞ്ഞിട്ടും
എൻെറ വീടിൻെറ ഭിത്തിമേൽ
മാഞ്ഞുപോകാത്തപുഞ്ചിരി
പെയ്തുനിൽക്കുന്നു മുത്തച്ഛൻ
ഇന്നലെ പോലെനിക്കിന്നും
തോന്നിടുന്നുണ്ടു കൈകളിൽ
തൂങ്ങപാടവരമ്പിലൂ
ടന്തി കാണിച്ച കോലങ്ങൾ
ചിങ്ങമൂട്ടുന്ന പൊന്നരി
പേറി നിന്ന കതിർക്കുല.
ചാഞ്ഞു കാറ്റിൻെറ കൈകളിൽ
ഇന്നു ജീവിതപാതയിൽ
താണ്ടിടുന്നു ഞാനങ്ങനെ
കാലുറയ്ക്കാത്ത കാലത്ത്
കാലുറപ്പിച്ച മുത്തച്ഛൻ,
ബോധമില്ലാത്ത നാൾകളിൽ
ബോധമേകിയ മുത്തച്ഛൻ,
എൻെറ ഭിത്തിയിലന്തിക്ക്
ദേവനെ പോൽ പ്രതിഷ്ഠിച്ച
ദേവനാണല്ലോ എന്നെന്നും
പുഞ്ചിരി പെയ്തു നില്പത് .


shutterstock.com • 586587587

# എൻെറ മഴ

പ്രജീഷ പി.ജെ
IX A



വിഹായസ്സിൽ നിശീഥിനി
മന്ദമായ് മാരി പെയ്തു.
ആരണ്യംകടന്നെൻ മനസ്സിലേക്ക്-
മാരുതിക്കൊപ്പം നിൻ ഓർമ്മയും സുഗന്ധവും.

കുളിരായ് പെയ്യും നീ അഴകായ് പൊഴിയും
മനസ്സിൻെറ  അറയിൽ ഒരു പുഴയായ് ഒഴുകും നീ
കാറ്റിൻെറ  ശക്തിയാൽ എൻ ജനൽ പാളികൾ
മാടി മാടി എന്നേ വാളിച്ചു എന്നേ വിളിച്ചു.

വാനം തുകുന്ന പാരിൻ കുളിരാണു നീ
വിതുമ്പി നിൽക്കും കാർമേഘത്തിൻ നീരാണു നീ
കുളിരൊഴുകും അരുവികൾക്കിണയാണ് നീ
**തളിരിലകളിൽ വിഴുന്നൊരഴകാണു നീ.**




# COME HELL  OR HIGH WATER

Anit Maria Biju
VIII A



The challenge of Jai, a story in the town. Jai's small village and his small world which includes Bonnie and Ivan. The heroic story begins like this with the fearless child Jai, our hero. He neither feared the warnings of the old nor the forest and the demon who lived there. The dense forest, the bestial creature with his horns sharp, pointed teeth, bedraggled face, loud and scary bellow, a cannibal with his mouth stained with blood. But nothing bothered the boy and his fixed way to kill the demon. He considered it as a piece of cake and sang though the street his courage to kill the demon. As usual one day when he was merrying though the streets and then to the forest the demon suddenly appeared and beset him. He courageous told the demon that he will kill the demon but the demon replied laughing " you tiny fellow will kill me? I will swallow you without you touching my throat " and at the drop of a hat the cabbinal swallowed Jai. Suddenly  the monster felt something troubling in his stomach of the demon. There was  a shining sword cut through the stomach of the demon lied died on the ground. Jai had a habit of keeping a sword with him. He cut the demon's belly by the knife and escaped out.



# കടപ്പാട്

*ഡിജിറ്റൽ മാസിക ധ്വനി 2019 യാഥാർത്ഥ്യമാക്കാൻ സഹായിച്ച ലിറ്റിൽ കൈറ്റ്സ് കുട്ടുകാർക്കും മാർഗ്ഗനിർദ്ദേശങ്ങൾ നല്കിയ അദ്ധ്യാപകർക്കും നന്ദി....*

*സാന്ദ്രമോൾ മണിക്കുട്ടൻ*
*എഡിറ്റർ*

